LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടയത്തിനായി അപേക്ഷിച്ചവരിൽ ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	3748
2	കൊല്ലം	236
3	പത്തനംതിട്ട	517
4	ആലപ്പുഴ	157
5	കോട്ടയം	186
6	ഇടുക്കി	52845
7	എറണാകുളം	1779
8	തൃശ്ശൂർ	5249
9	പാലക്കാട്	143
10	മലപ്പുറം	16
11	കോഴിക്കോട്	14757
12	വയനാട്	2796
13	കണ്ണൂർ	166
14	കാസർഗോഡ്	757

കാലവർഷക്കെടുതി പ്രവൃത്തികളുടെ നിർവ്വഹണം

305(4315) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതി (ഫ്ലഡ്) പ്രവൃത്തികളുടെ നിർവ്വഹണം നിലവിൽ സങ്കീർണ്ണമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ബി.ഡി.ഒ.യ്ക്ക് പകരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടാണ് നിർവ്വഹണം നടത്തുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ടി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടുവരുന്ന ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവൃത്തി നടപ്പാക്കുന്നത്. ആയതിനാൽ ടി പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ചുമതല അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബി.ഡി.ഒ)-മാർക്കാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ ഭരണാനുമതി നല്കാറുണ്ട്. ഇത്തരം പ്രവൃത്തികൾ തർക്കങ്ങളില്ലാതെ നടപ്പാക്കുന്നതിനുള്ള ഭരണപരമായ സൗകര്യം കൂടി പരിഗണിച്ചാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. അതോടൊപ്പം ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഉണ്ടായാൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും സാധിക്കുമെന്നതിനാൽ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

പ്രകൃതി ദുരന്തങ്ങൾക്കുള്ള ധനസഹായം

306(4316) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ പ്രകൃതി ദുരന്തങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര പേർക്ക് വീട് വച്ച് നൽകിയെന്നും മറ്റ് എന്തൊക്കെ സഹായങ്ങൾ നൽകിയെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങളും ധനസഹായം അനുവദിച്ച വിവരങ്ങളും നിയോജക മണ്ഡല അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ കൂടി വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.